ദേശാഭിമാനി
established in 1942
1187 വൃശ്ചികം 28 1433 മുഹറം 18

വ്യവസായത്തകർച്ചയ്ക്ക് പരിഹാരം കാണണം

ഇന്ത്യാ മഹാരാജ്യം വ്യവസായത്തകർച്ചയിലേക്കും സാമ്പത്തികമാന്ദ്യത്തിലേക്കും നീങ്ങുകയാണെന്ന വാർത്ത ഉൽക്കണ്ഠയ്ക്ക് ഇടംനൽകുന്നതാണ്. വിലക്കയറ്റവും തൊഴിലില്ലായ്മയും ദാരിദ്ര്യവും നാടിനെ വിഴുങ്ങാൻ പോകുകയാണ്. ക്ഷണിച്ചുവരുത്തിയ വിപത്താണിത്. രണ്ടാം യുപിഎ സർക്കാരിന്റെ നിരുത്തരവാദിത്തവും കഴിവില്ലായ്മയുമാണ് ഈ സ്ഥിതിവിശേഷത്തിലേക്ക് നാടിനെ നയിച്ചത്. അമേരിക്കൻ ഐക്യനാടിനെ ബാധിച്ച പൊതുസാമ്പത്തികപ്രതിസന്ധിയുടെ പ്രത്യാഘാതമാണെന്നോ പ്രതിഫലനമാണെന്നോ പറഞ്ഞ് ഈ ഗുരുതരമായ പ്രശ്നത്തിൽനിന്ന് കേന്ദ്രസർക്കാരിന് കൈകഴുകാൻ കഴിയില്ല. വേണ്ടത്ര മുന്നറിയിപ്പുണ്ടായിട്ടും യുപിഎ സർക്കാർ ഇതേവരെ കാഴ്ചക്കാരായി നിൽക്കുകയായിരുന്നു. മുന്നറിയിപ്പുകളൊന്നും ചെവിക്കൊള്ളാൻ തയ്യാറായില്ല. ഒമ്പത് ശതമാനം സാമ്പത്തികവളർച്ച കൈവരിക്കുമെന്ന് ആവർത്തിച്ച് പറഞ്ഞുകൊണ്ട് ആലസ്യത്തിൽ കഴിയുകയായിരുന്നു സാമ്പത്തികവിദഗ്ധൻ കൂടിയായ പ്രധാനമന്ത്രി മൻമോഹൻസിങ്. നാടിനെയാകെ ബഹുരാഷ്ട്രകുത്തകകൾക്കും ശതകോടീശ്വരന്മാർക്കും തീറെഴുതിക്കൊടുക്കാനുള്ള ബദ്ധപ്പാടിലായിരുന്നു ഭരണാധികാരികൾ. ഖജനാവ് കൊള്ളയടിക്കുന്ന പ്രവർത്തനത്തിലാണവർ ഏർപ്പെട്ടത്. 2ജി സ്പെക്ട്രം, ഇരുമ്പയിര് കുംഭകോണം, പ്രകൃതിവാതക കുംഭകോണം തുടങ്ങി കേന്ദ്ര ഖജനാവ് കൊള്ളയടിക്കുന്ന അഴിമതികൾക്ക് ഒത്താശചെയ്തുകൊടുക്കുന്ന തിരക്കിലായിരുന്നു അവർ. സാമ്പത്തികപ്രതിസന്ധി ഇന്ത്യയെ ബാധിക്കുകയില്ലെന്ന ശുഭാപ്തിവിശ്വാസം അരക്കിട്ടുറപ്പിക്കാനാണവർ ശ്രമിച്ചത്. രൂപയുടെ മൂല്യം എല്ലാ റെക്കോഡുകളും തകർത്ത് നിലംപൊത്തുമ്പോഴും അവർ പറയുന്നത് രാജ്യത്തിന്റെ സാമ്പത്തികനില ഭദ്രം എന്നാണ്.

ഇന്ത്യയുടെ വ്യവസായവളർച്ച ശോഷിച്ച് മൈനസ് 5.1 ശതമാനത്തിലെത്തിനിൽക്കുകയാണെന്നത് വിശ്വസിക്കാൻ പ്രയാസം തോന്നുന്നു. കഴിഞ്ഞവർഷം വ്യവസായവളർച്ച 11.3 ശതമാനമായിരുന്നതാണ് ഈ വർഷം കുത്തനെ ഇടിഞ്ഞ് പാതാളത്തിലേക്കിറങ്ങി മൈനസ് 5.1 ആയത്. വിലക്കയറ്റം, പലിശനിരക്കിലുണ്ടായ വർധന, വാങ്ങാനുള്ള ചോദനത്തിലുണ്ടായ കുറവ്, രൂപയുടെ മൂല്യശോഷണം, വിദേശനിക്ഷേപം പിൻവലിച്ചത് തുടങ്ങി വ്യവസായത്തകർച്ചയ്ക്ക് പല കാരണങ്ങളും പറയുന്നുണ്ട്. ഏതായാലും ഇത് ഒറ്റപ്പെട്ട സംഭവമായി കാണാൻ കഴിയുന്നതല്ല. അമേരിക്കൻ ഐക്യനാടിനെയാണ് മൻമോഹൻ സർക്കാർ കുറച്ചുകാലമായി മാതൃകയായി സ്വീകരിച്ചത്. അമേരിക്കയിൽനിന്നും ഇസ്രയേലിൽനിന്നും ആയുധം വാങ്ങിക്കൂട്ടാനാണ് യുപിഎ സർക്കാർ തുനിഞ്ഞത്. ചെറുകിട, ഇടത്തരം വ്യവസായങ്ങൾക്ക് നൽകിയ സബ്സിഡി പിൻവലിക്കുകയും ചെയ്തു. വിലക്കയറ്റം നിയന്ത്രിക്കാൻ ഒരു നടപടിയും സ്വീകരിച്ചില്ല. വിപണി സമ്പദ്വ്യവസ്ഥ സ്വീകരിച്ച ഒരു സർക്കാരിന് വിലനിർണയിക്കേണ്ടത് വിപണിയിലാണ്. വിപണിയാണെങ്കിൽ ലഭ്യതയും ചോദനവും ആധാരമാക്കിയാണ് പ്രവർത്തിക്കുന്നത്. ലഭ്യത കുറയുകയും ചോദനം കൂടുകയും ചെയ്താൽ വില കുതിച്ചുയരും. ഇത് ജനങ്ങൾക്കനുകൂലമായി നിയന്ത്രിക്കേണ്ടത് സർക്കാരിന്റെ ചുമതലയാണ്. ഈ ചുമതലയിൽനിന്ന് ബോധപൂർവം സർക്കാർ ഒഴിഞ്ഞുമാറി. രണ്ടുമൂന്ന് വർഷമായി പ്രതിപക്ഷം യോജിച്ചുകൊണ്ട് പാർലമെന്റിൽ വിലക്കയറ്റ പ്രശ്നം തുടർച്ചയായി ഉന്നയിച്ചുവരികയാണ്. പാർലമെന്റിന്റെ ഇരുസഭകളും സ്തംഭിച്ചാലും പ്രധാനമന്ത്രിക്ക് കുലുക്കമില്ല. ഈ നിസ്സംഗമനോഭാവമാണ് കുഴപ്പം മൂർച്ഛിക്കാനിടവരുത്തിയത്.

കെടുകാര്യസ്ഥതകൊണ്ട് തകർന്ന വൻകിട ബാങ്കുകളും വ്യവസായസ്ഥാപനങ്ങളും ഇൻഷുറൻസ് കമ്പനികളും താങ്ങിനിർത്താൻ സർക്കാർ ഖജനാവിൽനിന്ന് അമേരിക്ക നിയന്ത്രണമില്ലാതെ പണംനൽകി. പുതിയ തൊഴിൽസാധ്യത കണ്ടെത്താനും ജനങ്ങളുടെ വരുമാനം വർധിക്കാനും ക്രയശേഷി ഉയർത്താനും ഈ നയം തെല്ലും സഹായിച്ചില്ല. ജനകീയ ചൈന ബദൽനയമാണ് സ്വീകരിച്ചത്. ഇതിൽനിന്നൊന്നും ഒരു പാഠവും പഠിക്കാൻ കേന്ദ്ര യുപിഎ സർക്കാർ തയ്യാറായില്ല. വിലക്കയറ്റം വളർച്ചയുടെ ലക്ഷണമാണെന്നാണ് പ്രധാനമന്ത്രി കണ്ടെത്തിയത്. വിലക്കയറ്റം നിയന്ത്രിക്കാൻ മാന്ത്രികവടി കൈയിലില്ലെന്നും ആവർത്തിച്ച് പറഞ്ഞുകൊണ്ടിരുന്നു. സമ്പദ്ഘടനയുടെ വളർച്ചാനിരക്ക് പൊലിപ്പിച്ചുകാട്ടി ഊറ്റംകൊണ്ടിരുന്നവർക്ക് ഇപ്പോൾ വളർച്ചയെക്കുറിച്ച് പറയാനില്ല. ഉദാരവൽക്കരണത്തിന് രണ്ടുപതിറ്റാണ്ട് പ്രായമാകുമ്പോൾ തൊഴിൽരാഹിത്യത്തിന്റെ അളവിൽ നാലിരട്ടി വർധനയാണുണ്ടായത്. വ്യവസായവളർച്ച തകരുമ്പോൾ വൻകിട കോർപറേറ്റുകൾ തടിച്ചുകൊഴുക്കുകയാണ്. കഴിഞ്ഞ ഏഴുവർഷംകൊണ്ട് രാജ്യത്തെ കോർപറേറ്റുകൾക്ക് നൽകിയ നികുതിയിളവ് 23,19,323 കോടി രൂപയുടേതാണ്. ഇന്ത്യയിലെ ജനങ്ങൾക്കുള്ള ഭക്ഷ്യസുരക്ഷയ്ക്ക് ആഘോഷപൂർവം മാറ്റിവച്ച തുക 1,05,051 കോടി രൂപയാണെന്നറിയുമ്പോൾ അതിന്റെ എത്രമടങ്ങാണ് കോർപറേറ്റുകൾ അടിച്ചുകൊണ്ടുപോയതെന്ന് വ്യക്തമാകും. രാജ്യത്തെ ആകെ ജനങ്ങളുടെ ഒരുശതമാനത്തെയാണ് കോർപറേറ്റുകൾ പ്രതിനിധാനംചെയ്യുന്നത്. 99 ശതമാനം ജനങ്ങൾക്ക് സർക്കാർ നൽകുന്നത് ആ ഒരു ശതമാനത്തിന് നൽകുന്നതിന്റെ നാലിലൊന്നുപോലും വരുന്നില്ല. വ്യവസായങ്ങൾ തളരുമ്പോൾ ഈ അന്തരം അല്ലലില്ലാതെ വളരുന്നുണ്ട്.

കൂട്ടുത്തരവാദിത്തം കൈമോശംവന്നുപോയ ഒരു മന്ത്രിസഭയാണ് കേന്ദ്രത്തിലുള്ളതെന്ന് വ്യക്തമായിരിക്കുന്നു. ചാക്കിട്ടുപിടിത്തവും കുതികാൽവെട്ടലുമൊക്കെ നിത്യസംഭവങ്ങളായി മാറി. ഈ സാഹചര്യത്തിൽ നാടിന്റെ നട്ടെല്ലായ കാർഷിക - വ്യവസായ മേഖലകൾ തകരുന്നത് കാഴ്ചക്കാരായി നോക്കിനിൽക്കാനേ യുപിഎ സർക്കാരിന് കഴിഞ്ഞുള്ളൂ. ഇടതുപക്ഷത്തെ ശത്രുക്കളായിട്ടാണ് മൻമോഹൻ സർക്കാർ കണ്ടത്. അതുകൊണ്ടുതന്നെ ഇടതുപക്ഷം നിർദേശിച്ച ബദൽനയങ്ങളോട് നിഷേധാത്മക സമീപനം സ്വീകരിച്ചു. ദേശീയാടിസ്ഥാനത്തിൽ പ്രവർത്തിക്കുന്ന ഒമ്പത് തൊഴിലാളി സംഘടനകൾ ഒറ്റക്കെട്ടായി രംഗത്തിറങ്ങിയിട്ടും പ്രധാനമന്ത്രി കുംഭകർണസേവയിലാണ് മുഴുകിയത്. ഈ സാഹചര്യത്തിൽ ഒന്നേ പറയാനുള്ളൂ. പാപ്പരായ നയം ഉപേക്ഷിക്കുക, ബദൽനയം സ്വീകരിക്കാൻ തയ്യാറാകുക, സാധ്യമല്ലെങ്കിൽ പരാജയം തുറന്നുസമ്മതിച്ച് ഭരണത്തിൽനിന്നിറങ്ങിപ്പോകുക. അത് മാത്രമേ കരണീയമായിട്ടുള്ളൂ.

ദേശാഭിമാനി | 50 വർഷം മുൻപ് | 1961 ഡിസംബർ 14

പദ്ധതിവിഹിതം 30.5 കോടി

തിരു: കേരളത്തിന്റെ മൂന്നാം പദ്ധതി മുതൽമുടക്കിന് 1962-63ലേക്കുള്ള പദ്ധതി വിഹിതമായി 30.5 കോടി രൂപ അനുവദിച്ചതായി ഔദ്യോഗികവൃത്തങ്ങൾ വെളിപ്പെടുത്തി. പ്രസ്തുവർഷത്തെ പദ്ധതി വിഹിതമായി ലഭിക്കേണ്ടതിനെക്കുറിച്ച് സ്റ്റേറ്റിന്റെ പ്രതിനിധികളും പ്ലാനിങ്ങ് കമീഷനും തമ്മിൽ കഴിഞ്ഞ രണ്ടുദിവസങ്ങളായി ഡൽഹിയിൽ വച്ചു ചർച്ച നടത്തിയിരിക്കുന്നു. ഇതു സംബന്ധിച്ചുള്ള ചർച്ചകൾക്കായി മുഖ്യമന്ത്രി ശ്രീ പട്ടം താണുപിള്ള പ്രധാനമന്ത്രിയുമായും ആഭ്യന്തരമന്ത്രി ലാൽബഹദൂർ ശാസ്ത്രിയുമായും ചർച്ച നടത്തി.

ജനസമ്പർക്ക പരിപാടി ജനാധിപത്യ ഭരണക്രമത്തിന് വെല്ലുവിളി

പ്രൊഫ. എൻ രമാകാന്തൻ

മുഖ്യമന്ത്രി ഉമ്മൻചാണ്ടിയുടെ 'ബഹുജനസമ്പർക്ക പരിപാടി' ചില ജില്ലകളിൽ ഇതിനകം പൂർത്തിയായി. ജനാധിപത്യ ഭരണവ്യവസ്ഥയുടെയും മൂല്യങ്ങളുടെയും നിഷേധവും നിരാകരണവുമാണ് ബഹുജന സമ്പർക്ക പരിപാടിയുടെ ഭാഗമായി നടക്കുന്നത്. അതോടൊപ്പംതന്നെ കഴിഞ്ഞ ഒന്നര ദശാബ്ദമായി കേരളത്തിൽ വിജയകരമായി നടപ്പാക്കിവരുന്ന അധികാര വികേന്ദ്രീകരണത്തെയും പ്രാദേശിക ഭരണസ്ഥാപനങ്ങളുടെ നേതൃത്വത്തിൽ നടക്കുന്ന വികസനപ്രവർത്തനങ്ങളെയും ദുർബലപ്പെടുത്തുന്നതിനുള്ള പരിശ്രമവും ഇതിന്റെ ഭാഗമായി നടക്കുകയാണ്. തദ്ദേശ ഭരണ സ്ഥാപനങ്ങളുടെ നേതൃത്വത്തിൽ വിവിധ ക്ഷേമപദ്ധതികളെയും സേവന പ്രവർത്തനങ്ങളെയും രണ്ടും മൂന്നും മാസം സ്തംഭിപ്പിച്ചുകൊണ്ട് അവയിലൂടെ നടപ്പാക്കേണ്ട പ്രവർത്തനങ്ങളാണ് മുഖ്യമന്ത്രിയുടെയും മന്ത്രിമാരുടെയും ജില്ലാ ഭരണസംവിധാനത്തിന്റെയും നേതൃത്വത്തിൽ ജനസമ്പർക്ക പരിപാടി എന്ന പേരിൽ നടപ്പാക്കുന്നത്.

തികച്ചും കേന്ദ്രീകൃതമായും മാനദണ്ഡങ്ങളൊന്നും പാലിക്കാതെയും നടപടിക്രമങ്ങൾ ലംഘിച്ചുകൊണ്ടും രേഖകളുടെ പിൻബലം ഇല്ലാതെയും തദ്ദേശ ഭരണസ്ഥാപനങ്ങളുടെ അധികാരങ്ങൾ കവർന്നെടുത്തുകൊണ്ടും നടത്തുന്ന ജനസമ്പർക്ക പരിപാടി എന്ന ഭരണനാടകം ജനാധിപത്യ ഭരണക്രമം നേരിടുന്ന വെല്ലുവിളിയാണ്. അർഹതാമാനദണ്ഡങ്ങൾ പാലിക്കാതെയും പ്രാദേശിക തലത്തിലുള്ള ഭരണസംവിധാനത്തെ നോക്കുകുത്തിയാക്കി മാറ്റിക്കൊണ്ടും സംഘടിപ്പിക്കുന്ന ആനുകൂല്യവിതരണ മാമാങ്കം വലിയ പാഴ്ച്ചെലവിനും ഭരണധൂർത്തിനും ഇടയാക്കുമെന്ന് ധനവകുപ്പ് തന്നെ മുഖ്യമന്ത്രിയെ രേഖാമൂലം അറിയിക്കാൻ നിർബന്ധിതമായി. പൊതുഭരണസംവിധാനത്തിന്റെ സാമ്പത്തികഭദ്രതയെ തകർക്കുന്നതിന് ഇത് വഴിവയ്ക്കുന്നുവെന്നാണ് ധനവകുപ്പ് പറയുന്നത്. കേരളം കഴിഞ്ഞ അഞ്ച് ദശാബ്ദംകൊണ്ട് നേടിയ ഉയർന്ന ജനാധിപത്യ ഭരണസംസ്കാരവും മൂല്യങ്ങളും ഇതിലൂടെ ബലികഴിക്കപ്പെടുന്നു എന്ന കാര്യവും തിരിച്ചറിയണം.

പുരോഗമനപരമായ നിയമനിർമാണങ്ങളിലൂടെയും നൂതനമായ ക്ഷേമപദ്ധതികൾ ആവിഷ്കരിച്ചുകൊണ്ടും സാമൂഹ്യനീതിയധിഷ്ഠിതമായ വികസന ഭരണ സംസ്കാരം വികസപ്പിക്കുന്നതിനും ശക്തിപ്പെടുത്തുന്നതിനും കേരളത്തിന് കഴിഞ്ഞിട്ടുണ്ട്. ശക്തമായ ജനകീയാടിത്തറയിൽ പ്രവർത്തിക്കുന്ന പ്രാദേശിക ഭരണസ്ഥാപനങ്ങളെ സൃഷ്ടിക്കുന്നതിനും അധികാരവികേന്ദ്രീകരണത്തിലൂടെ കഴിഞ്ഞിട്ടുണ്ട്. വികസന ഭരണത്തിന്റെയും ക്ഷേമപദ്ധതി നിർവഹണത്തിന്റെയും കേന്ദ്രസ്ഥാപനങ്ങളാണ് ഇന്ന് തദ്ദേശ ഭരണ സ്ഥാപനങ്ങൾ. ജനജീവിതവുമായി ബന്ധപ്പെട്ട ഒട്ടുമിക്ക കാര്യങ്ങളുടെയും ആസൂത്രണത്തിലും നിർവഹണത്തിലും സുപ്രധാനമായ സ്ഥാനമാണ് ഈ സ്ഥാപനങ്ങൾക്ക് നിർവഹിക്കാനുള്ളത്. ഇതിനാവശ്യമായ വിഭവശേഷിയും നിയമവ്യവസ്ഥയും നടപടിക്രമങ്ങളും ഉദ്യോഗസ്ഥ സംവിധാനവും ജനകീയ സമിതികളുമെല്ലാം തദ്ദേശഭരണ സ്ഥാപനങ്ങൾക്കുണ്ട്. ഇവയെല്ലാം പ്രയോജനപ്പെടുത്തി ജനങ്ങളുടെ ദൈനംദിന ജീവിതപ്രശ്നങ്ങളിൽ ഇടപെടുന്നതിനും പരിഹാരം കാണുന്നതിനുമുള്ള ശേഷിയും തദ്ദേശഭരണ സ്ഥാപനങ്ങൾ കഴിഞ്ഞ പതിനഞ്ച് വർഷംകൊണ്ട് നേടി എന്നതും എല്ലാവരും അംഗീകരിച്ചിട്ടുള്ള വസ്തുതയാണ്. എന്നാൽ, ഇതൊന്നും കാണാതെ പുരോഗതിയെ പിറകോട്ടേക്കാക്കാനുള്ള പരിശ്രമമാണ് ബഹുജനസമ്പർക്ക പരിപാടിയിലൂടെ ഉമ്മൻചാണ്ടി നടത്തിക്കൊണ്ടിരിക്കുന്നത്.

തദ്ദേശസ്ഥാപനങ്ങളുടെ വിശ്വാസ്യത തകർക്കുന്നു

ബഹുജനസമ്പർക്ക പരിപാടിയിലൂടെ പ്രധാനമായും നടപ്പാക്കുന്ന കാര്യങ്ങൾ പെൻഷൻ വിതരണം, ചികിത്സാ ധനസഹായ വിതരണം, വിവാഹ ധനസഹായ വിതരണം, വീടിന് നമ്പർ നൽകാനുള്ള ഉത്തരവ് നൽകൽ, പാർപ്പിട പദ്ധതിക്ക് ധനസഹായം നൽകാനുള്ള ഉത്തരവ് നൽകൽ, റേഷൻ കാർഡ് വിതരണ ഉത്തരവ് നൽകൽ, ബിപിഎൽ പട്ടികയിൽ ഉൾപ്പെടുത്തുന്നതിന് ഉത്തരവ് നൽകൽ, വിധവാപെൻഷൻ വിതരണം, വാർധക്യകാല പെൻഷൻ വിതരണം തുടങ്ങിയവയാണ്. ഇവയിൽ ഭൂരിഭാഗവും തദ്ദേശ ഭരണ സ്ഥാപനങ്ങളും പ്രാദേശിക തലത്തിലുള്ള വിവിധ വകുപ്പുതല ഓഫീസുകളുടെയും ഉത്തരവാദിത്തങ്ങളാണ്. പഞ്ചായത്തുകളുടെയും നഗരസഭകളുടെയും വിവിധ വകുപ്പുതല ഓഫീസുകളുടെയും ജില്ലാ ഭരണസംവിധാനത്തിന്റെയും ചുമതലയിൽ നടപ്പാക്കിവരുന്നതും തുടർന്ന് നടക്കേണ്ടതുമായ ഈ പ്രവർത്തനങ്ങൾക്ക് എന്തിനാണ് മുഖ്യമന്ത്രിതന്നെ നേരിട്ടെത്തി മേൽനോട്ടം വഹിക്കുന്നത്? ഉത്തരം വ്യക്തമാണ്. മാസങ്ങളോളം വികസനഭരണ സംവിധാനത്തെ സ്തംഭിപ്പിച്ചുകൊണ്ടും അർഹമായി ലഭിക്കേണ്ട ആനുകൂല്യങ്ങൾ അനാവശ്യമായി കാലതാമസം വരുത്തിയും തദ്ദേശഭരണ സ്ഥാപനങ്ങളെയും വിവിധ വകുപ്പുകളെയും ജനങ്ങളുടെ അവമതിക്ക് പാത്രമാക്കുക. അതുവഴി ജനങ്ങൾ ആശ്രയിക്കുന്ന ഭരണ സ്ഥാപനങ്ങളായ പഞ്ചായത്തുകളുടെയും നഗരസഭകളുടെയും അവയുമായി ബന്ധപ്പെട്ട് പ്രവർത്തിക്കുന്ന ജനപ്രതിനിധികളുടെയും ഉദ്യോഗസ്ഥരുടെയും വിശ്വാസ്യത തകർക്കുക. അതുവഴി അധികാര വികേന്ദ്രീകരണത്തെയും പ്രാദേശിക വികസന ആസൂത്രണത്തെയും അട്ടിമറിക്കുക. പ്രാദേശിക തലത്തിലുള്ള ജനപ്രതിനിധികളുടെയും ഉദ്യോഗസ്ഥരുടെയും ജനകീയ പിന്തുണയും അംഗീകാരവും വിശ്വാസ്യതയും ദുർബലപ്പെടുത്തിയാൽ അധികാരവികേന്ദ്രീകരണത്തെ എളുപ്പം തകർക്കാനാവുമെന്ന് മനസിലാക്കിക്കൊണ്ടുതന്നെയാണ് ഇതെല്ലാം ചെയ്യുന്നത്.

കഴിഞ്ഞ ഒന്നരപ്പതിറ്റാണ്ട് കൊണ്ട് വികസന-ക്ഷേമ ഭരണവ്യവസ്ഥയ്ക്ക് ശക്തമായ അടിത്തറ സൃഷ്ടിക്കാൻ കേരളത്തിന് കഴിഞ്ഞിട്ടുണ്ട്. നീതിപൂർവകമായ ഗുണഭോക്താക്കളെ കണ്ടെത്തി ക്ഷേമപദ്ധതികളുടെയും വികസന പദ്ധതികളുടെയും ആനുകൂല്യം യഥാസമയം അർഹരായവർക്ക് വിതരണം ചെയ്യുന്നതിനാവശ്യമായ നിയമവ്യവസ്ഥകളും നടപടിക്രമങ്ങളും രൂപപ്പെടുത്തുന്നതിന് ജനകീയാസൂത്രണത്തിലൂടെ കഴിഞ്ഞു. ഗ്രാമസഭകളെ പ്രാദേശിക ജനാധിപത്യ സംവിധാനത്തിന്റെ കേന്ദ്രസ്ഥാപനമായി രൂപപ്പെടുത്തുന്നതിൽ വലിയ അളവുവരെ മുന്നോട്ടുപോകാൻ കഴിഞ്ഞിട്ടുണ്ട്. ദുർബലവിഭാഗത്തിന്റെ ജീവിതദുരിതങ്ങൾക്ക് പരിഹാരം കാണുന്നതിനും മെച്ചപ്പെട്ട സാഹചര്യങ്ങൾ സൃഷ്ടിക്കുന്നതിനും അശരണരായ ജനങ്ങൾക്ക് പരിരക്ഷ ഉറപ്പാക്കുന്നതിനും തദ്ദേശ ഭരണ സ്ഥാപനങ്ങൾ ഏറെ മുന്നേറിയിട്ടുണ്ട്. ഈ നേട്ടങ്ങളൊന്നും കാണാതെയാണ് ബഹുജനസമ്പർക്ക പരിപാടിയുടെ ആസൂത്രണവും സംഘാടനവും നടത്തിപ്പും. തദ്ദേശഭരണ സ്ഥാപനങ്ങളിലെ ജനപ്രതിനിധികളുടെയും ഉദ്യോഗസ്ഥരുടെയും സാന്നിധ്യത്തിൽത്തന്നെ അവർ ചെയ്യേണ്ട ചുമതലകളും അധികാരങ്ങളും കവർന്നെടുക്കുകയാണ് ചെയ്യുന്നത്. മാനദണ്ഡങ്ങളും നടപടിക്രമങ്ങളും പ്രാദേശിക രാഷ്ട്രീയ പ്രവർത്തകരുടെ ശുപാർശയ്ക്കും സമ്മർദത്തിനും മുന്നിൽ വഴിമാറുന്നതാണ് ജനസമ്പർക്ക പരിപാടിയിൽ കാണുന്നത്.

അപകടകരമായ സന്ദേശം

ലഭിക്കുന്ന അപേക്ഷകൾ സൂക്ഷ്മ പരിശോധനയ്ക്ക് വിധേയമാക്കിയും രേഖകളുടെ പിൻബലത്തോടെയും നേരിട്ടുള്ള അന്വേഷണത്തിൽ ബോധ്യപ്പെട്ടും നടപടിക്രമങ്ങൾ പാലിച്ചുകൊണ്ടും മാത്രമേ തീർപ്പുകൽപ്പിക്കുന്നതിനും ആനുകൂല്യങ്ങൾ വിതരണംചെയ്യുന്നതിനും ജനാധിപത്യ ഭരണവ്യവസ്ഥയിൽ കഴിയൂ. നീതിപൂർവമായി പ്രവർത്തിക്കുന്ന ഉദ്യോഗസ്ഥ സംവിധാനത്തിന് ഇത്തരം നടപടിക്രമങ്ങൾ പാലിക്കാതെ മുന്നോട്ടുപോകാനാകില്ല. അധികാരവികേന്ദ്രീകരണത്തിന്റെയും ജനകീയാസൂത്രണത്തിന്റെയും ഭാഗമായി ഇക്കാര്യങ്ങൾക്കെല്ലാം ജനകീയമായും സാമൂഹ്യമായുമുള്ള മേൽനോട്ടത്തിനുള്ള സംവിധാനവും സൃഷ്ടിക്കപ്പെട്ടു. ജനസൗഹാർദപരമായ ഭരണനിർവഹണത്തിനാവശ്യമായ അന്തരീക്ഷം ഇതിലൂടെ രൂപപ്പെടുത്താനായി. എന്നാൽ, ഇത്തരം സംവിധാനങ്ങളെയും നടപടിക്രമങ്ങളെയും ഭരണമൂല്യങ്ങളെയും അവഗണിച്ച് നിയമവ്യവസ്ഥകളൊന്നും പാലിക്കാതെ ഏകപക്ഷീയമായി തീർപ്പുകൽപ്പിക്കുന്നതിനും ആനുകൂല്യങ്ങൾ വിതരണം ചെയ്യുന്നതിനുമാണ് ജനസമ്പർക്ക പരിപാടിയിലൂടെ ശ്രമിച്ചുകൊണ്ടിരിക്കുന്നത്. ഉദ്യോഗസ്ഥർക്കോ പ്രാദേശികതലത്തിലുള്ള ജനപ്രതിനിധികൾക്കോ ഇത്തരം ശൈലി തുടരാനാവില്ല. ചട്ടങ്ങൾക്കും വ്യവസ്ഥകൾക്കും ഓഡിറ്റ് സംവിധാനത്തിനും വിധേയമായി മാത്രമേ ഇവയ്ക്കെല്ലാം പ്രവർത്തിക്കാനാകൂ. അതുകൊണ്ട് നിരുത്തരവാദപരമായി പ്രവർത്തിക്കാൻ ബഹുജനസമ്പർക്ക പരിപാടിയിലെ അനുഭവത്തിന്റെ അടിസ്ഥാനത്തിൽ ഉദ്യോഗസ്ഥർക്കും ജനപ്രതിനിധികൾക്കും കഴിയില്ല. ഇത് ജനങ്ങളും തദ്ദേശസ്ഥാപനങ്ങളും തമ്മിലുള്ള തർക്കത്തിനിടയാക്കുകയും വിശ്വാസ്യതാരാഹിത്യത്തിലേക്ക് നയിക്കുകയും ചെയ്യും.

സംസ്ഥാന സർക്കാർ ചെയ്യേണ്ടത്

കാര്യക്ഷമവും നീതിപൂർവകവുമായ ഭരണനിർവഹണത്തിന് സാമൂഹ്യ ശാക്തീകരണവും ഫലപ്രദമായ മേൽനോട്ട സംവിധാനവുമാണ് ആവശ്യം. ഓരോ തട്ടിലുമുള്ള തദ്ദേശസ്ഥാപനങ്ങൾക്ക് തങ്ങളുടെ പ്രവർത്തനമേഖലയിലും അധികാരപരിധിയിലും പെട്ട വിഷയങ്ങളിൽ പ്രവർത്തിക്കുന്നതിനാവശ്യമായ സ്വാതന്ത്ര്യവും കാര്യപ്രാപ്തിയും ഉണ്ട് എന്നുറപ്പാക്കുകയാണ് സംസ്ഥാന സർക്കാർ ചെയ്യേണ്ടത്. ബന്ധപ്പെട്ട മന്ത്രിമാരുടെയും വകുപ്പ് അധ്യക്ഷന്മാരുടെയും മേൽനോട്ടം ഇക്കാര്യത്തിൽ മുഖ്യമന്ത്രി ഉറപ്പാക്കണം. ഇത് വേണ്ടവിധം ചെയ്യാത്തതുകൊണ്ടാണ് ഭരണസ്തംഭനവും കാര്യക്ഷമതാരാഹിത്യവും താഴെത്തലത്തിൽ നിലനിൽക്കുന്നതും അപേക്ഷകൾ കെട്ടിക്കിടക്കുന്നതും പരാതികളുടെ എണ്ണം കൂടുന്നതും. യഥാസമയം തീർപ്പാക്കാതെയും പരിഹരിക്കാതെയും പരാതികൾ നിലനിർത്തി ജനസമ്പർക്ക പരിപാടിയിലൂടെ പരിഹരിക്കുകയെന്നതല്ല, മറിച്ച് പരാതിക്ക് ഇടനൽകാതെ സേവനങ്ങൾ ലഭ്യമാക്കുകയും അതുവഴി ജനങ്ങളുടെ വിശ്വാസ്യത ആർജിക്കുകയുമാണ് കാര്യക്ഷമമായ പൊതുഭരണത്തിന്റെ ലക്ഷ്യവും മൂല്യവും. ഇതിനാവശ്യമായ ഇച്ഛാശക്തിയാണ് സർക്കാരിൽനിന്ന് ജനങ്ങൾ പ്രതീക്ഷിക്കുന്നത്. അല്ലാതെ പ്രാദേശിക ഭരണസ്ഥാപനങ്ങൾ ചെയ്യേണ്ട കാര്യങ്ങളിൽ കൈകടത്തി അധികാരങ്ങൾ കവർന്നെടുക്കുകയല്ല.

ബിഎസ്എൻഎൽ സ്വകാര്യവൽക്കരിക്കാൻ നീക്കം

കെ മോഹനൻ

നഷ്ടത്തിന്റെ പേരിൽ ബിഎസ്എൻഎല്ലിൽനിന്ന് ഒരു ലക്ഷം ജീവനക്കാരെ പിരിച്ചുവിടാനും ഓഹരികൾ വിറ്റ് കമ്പനിയെ സ്വകാര്യവൽക്കരിക്കാനുമുള്ള നീക്കത്തിലാണ് കേന്ദ്രസർക്കാർ. പ്രതിവർഷം 40,000 കോടി രൂപ വരുമാനവും 10,000 കോടി ലാഭവുമുണ്ടായിരുന്ന ബിഎസ്എൻഎൽ 2009-10 സാമ്പത്തികവർഷം 1823 കോടിയും 2010-11ൽ 6384 കോടിയും നഷ്ടം രേഖപ്പെടുത്തി. സർക്കാരിന്റെ പൊതുമേഖലാ വിരുദ്ധനിലപാടും മാനേജ്മെന്റിന്റെ പിടിപ്പുകേടുമാണ് കമ്പനിയെ നഷ്ടത്തിലാക്കിയത്. എന്നാൽ, നഷ്ടത്തിന്റെ ഉത്തരവാദിത്തം തൊഴിലാളികളുടെ വേതനച്ചെലവാണെന്ന് പ്രചരിപ്പിക്കുകയും തൊഴിലാളികളെ പിരിച്ചുവിടാനുള്ള വിആർഎസ് പദ്ധതി സർക്കാരിന് സമർപ്പിക്കുകയുമാണ് മാനേജ്മെന്റ് ചെയ്തത്.

ഇന്ത്യൻ ടെലികോം കമ്പോളത്തിൽ സ്വകാര്യകമ്പനികളുടെ ആധിപത്യം അരക്കിട്ടുറപ്പിക്കാൻ ബിഎസ്എൻഎല്ലിന്റെ മൊബൈൽ ഉപകരണങ്ങൾ വാങ്ങാനുള്ള എല്ലാ കരാറുകളും സർക്കാർ റദ്ദാക്കി. 2007ൽ മന്ത്രി എ രാജ 4.5 കോടി കണക്ഷൻ നൽകാവുന്ന ഉപകരണങ്ങൾ വാങ്ങാനുള്ള ടെൻഡറും 2010ൽ 9.3 കോടി കണക്ഷൻ നൽകാനുള്ള ഉപകരണങ്ങൾ വാങ്ങാനുള്ള ടെൻഡർ സാം പിത്രോഡ നിർദേശ പ്രകാരവും റദ്ദാക്കി. പിന്നീട് 55 ലക്ഷത്തിന്റെ കരാർ നൽകിയെങ്കിലും അതും റദ്ദാക്കുകയാണുണ്ടായത്. ചുരുക്കത്തിൽ 2006ന് ശേഷം ബിഎസ്എൻഎൽ മൊബൈൽ കപ്പാസിറ്റി വർധിപ്പിക്കാനുള്ള ശ്രമങ്ങളെല്ലാം സ്വകാര്യ കമ്പനികൾക്കുവേണ്ടി സർക്കാർ അട്ടിമറിച്ചു.

ഗ്രാമീണമേഖലയിൽ സേവനം നൽകുന്നതിന്റെ ഭാഗമായി പ്രതിവർഷം 10,000 കോടിയോളം രൂപ നഷ്ടം രേഖപ്പെടുത്തുന്ന കമ്പനിയാണ് ബിഎസ്എൻഎൽ. ഗ്രാമീണ മേഖലയിലെ സേവനത്തിന്റെ ഭാഗമായുണ്ടാകുന്ന നഷ്ടം നികത്താനാവശ്യമായ നടപടികൾ 2008 ഏപ്രിലോടെ പൂർണമായും നിർത്തിവച്ചു. ലൈസൻസ് ഫീസിനത്തിലും സ്വകാര്യ കമ്പനികൾ ബിഎസ്എൻഎല്ലിന് നൽകേണ്ട തുകയുമുൾപ്പെടെ 7200 കോടി രൂപയാണ് സർക്കാർ നിഷേധിച്ചത്. കരുതൽധനത്തിൽനിന്ന് 18,500 കോടി രൂപ 3ജി സ്പെക്ട്രത്തിന്റെ പേരിൽ സർക്കാർ കൈക്കലാക്കി. ബിഎസ്എൻഎല്ലിന് ലഭിക്കേണ്ട സർക്കാർ സഹായങ്ങൾ നിഷേധിച്ചും മൊബൈൽ കപ്പാസിറ്റി വർധിപ്പിക്കാനുള്ള നടപടികൾ റദ്ദാക്കിയതും സ്ഥാപനത്തെ സാമ്പത്തികമായി നഷ്ടത്തിലാക്കുകയാണ്. അതിന്റെ ഉത്തരവാദിത്തമാകട്ടെ തൊഴിലാളികളുടെമേൽ അടിച്ചേൽപ്പിക്കുകയാണ്.

ബിഎസ്എൻഎല്ലിൽനിന്ന് ഒരു ലക്ഷത്തോളം ജീവനക്കാരെ പിരിച്ചുവിടാനാണ് ഇപ്പോൾ നിർദേശിച്ചിട്ടുള്ളത്. കൃത്യമായി പറഞ്ഞാൽ 99,614 ജീവനക്കാർ. ഓരോ വിഭാഗത്തിലും നിശ്ചിത എണ്ണം ജീവനക്കാരെ വിആർഎസ് നൽകി പുറത്താക്കണമെന്നാണ് നിർദേശം. ഇത് നിർബന്ധ പിരിച്ചുവിടലാണ്. ജീവനക്കാരെ പുറത്താക്കാൻ സാമ്പത്തിക സഹായം നൽകണമെന്ന് മാനേജ്മെന്റ് ഡിഒടി (ഡിപ്പാർട്മെന്റ് ഓഫ് ടെലികോം)യോട് ആവശ്യപ്പെട്ടിട്ടുണ്ട്.

വിആർഎസ് നൽകി സ്ഥാപനത്തെ രക്ഷപ്പെടുത്താമെന്നത് കേവലം വ്യാമോഹമാണെന്ന് എംടിഎൻഎല്ലിലെ അനുഭവം തെളിയിക്കുന്നു. മൂന്ന് തവണ വിആർഎസ് നൽകിയിട്ടും സ്ഥാപനം ഇപ്പോഴും നഷ്ടത്തിലാണ്. വിആർഎസ് പാക്കേജിലൂടെ തൊഴിലാളികൾക്ക് ആനുകൂല്യങ്ങൾ ലഭിക്കുമെന്നാണ് പ്രഖ്യാപിച്ചിട്ടുള്ളത്. യഥാർഥത്തിൽ ജീവനക്കാരുടെ പെൻഷൻപോലും അവതാളത്തിലാകാനാണ് സാധ്യത. കാരണം ഒരു ലക്ഷം ജീവനക്കാർക്ക് വിആർഎസ് നൽകിയാൽ ബിഎസ്എൻഎല്ലിന്റെ പെൻഷൻബാധ്യത വർധിക്കുകയും തൽഫലമായി കമ്പനിയുടെ സാമ്പത്തിക പ്രതിസന്ധി മൂർച്ഛിക്കുകയും കമ്പനി സ്വകാര്യവൽക്കരണത്തിലേക്ക് നീങ്ങുകയുംചെയ്യും. സ്വകാര്യവൽക്കരിക്കപ്പെട്ടാൽ പെൻഷൻ നൽകില്ല. ജീവനക്കാരെ പിരിച്ചുവിടാതെ കാര്യക്ഷമമായ സേവനത്തിലൂടെ മെച്ചപ്പെട്ട മാർക്കറ്റിങ് സംവിധാനത്തിലൂടെ ആവശ്യത്തിന് ഉപകരണം ലഭ്യമാക്കിക്കൊണ്ട് കമ്പനിയെ സാമ്പത്തികമായി മുന്നോട്ടുനയിക്കാമെന്നിരിക്കെ തൊഴിലാളികളെ പിരിച്ചുവിടുന്നത് പിത്രോഡ നിർദേശിച്ച സ്വകാര്യവൽക്കരണത്തിന്റെ മുന്നോടിയാണ്.

തൊഴിലാളികളെ പിരിച്ചുവിട്ടുകൊണ്ട് നഷ്ടം നികത്താൻ ശ്രമിക്കുന്ന സർക്കാർ അർഹതപ്പെട്ട സഹായങ്ങൾ നിഷേധിക്കുകയാണ്. കമ്പനി രക്ഷപ്പെടുത്താനല്ല മറിച്ച് തൊഴിലാളികളുടെ സംഘടിതശേഷി ദുർബലപ്പെടുത്തി സ്ഥാപനത്തിന്റെ ഓഹരി വിൽക്കാനുള്ള സാഹചര്യമൊരുക്കുകയാണ് ലക്ഷ്യം.

ആയിരത്തറുനൂറിലധികം വരുന്ന ഐടിഎസ് ഉദ്യോഗസ്ഥർ 11 വർഷമായി കേന്ദ്രസർക്കാർ ജീവനക്കാരായി തുടരുകയാണ്. ഗ്രൂപ്പ്-ബി, ഗ്രൂപ്പ്-സി, ഗ്രൂപ്പ്-ഡി ജീവനക്കാരെല്ലാം വർഷങ്ങൾക്ക് മുമ്പ് തന്നെ ബിഎസ്എൻഎൽ ജീവനക്കാരായി മാറിക്കഴിഞ്ഞിട്ടും ഐടിഎസ് ഓഫീസർമാരെ അതിലേക്ക് മാറ്റാൻ തയ്യാറായിട്ടില്ല. സംഘടനകളുടെ ശക്തമായ ആവശ്യത്തെതുടർന്ന് ബിഎസ്എൻഎൽ തെരഞ്ഞെടുക്കാത്ത ഐടിഎസ് ഓഫീസർമാരെ തിരിച്ചയക്കാൻ സർക്കാർ തീരുമാനമെടുത്തിട്ടും അത് നടപ്പാക്കുന്നതിൽ മാനേജ്മെന്റ് വിമുഖത കാട്ടുകയാണ്.

ടെലികോംരംഗം അഴിമതിയുടെ കൂത്തരങ്ങായി മാറിക്കഴിഞ്ഞു. 2ജി സ്പെക്ട്രം വിൽപ്പനയിലൂടെ 1.76 ലക്ഷം കോടി സർക്കാർ ഖജനാവിന് നഷ്ടപ്പെട്ടതിന് പുറമെ ഇപ്പോൾ 3ജി ലേലത്തിലൂടെയും 20,000 കോടി രൂപ സർക്കാർ ഖജനാവിന് നഷ്ടമുണ്ടായതായി ആരോപണം ഉയർന്നിരിക്കുന്നു. ലൈസൻസെടുക്കാത്ത സർക്കിളുകളിൽ സ്വകാര്യ കമ്പനികൾ പരസ്പര സഹകരണത്തിലൂടെ 3ജി സേവനം നടത്തുകയാണ്. നിയമവിരുദ്ധമായ ഈ നടപടിക്ക് സാധുത നൽകാനാണ് പുതിയ ടെലികോം നയത്തിലൂടെ സർക്കാർ ശ്രമിക്കുന്നത്.

ലൈസൻസില്ലാതെ 3ജി സേവനം നടത്തുന്ന കമ്പനികളുടെ ലൈസൻസ് റദ്ദാക്കണമെന്ന സംഘടനകളുടെ ആവശ്യം സർക്കാർ അംഗീകരിക്കുന്നില്ല. മറിച്ച് സ്വകാര്യ കമ്പനികളുടെ പ്രശ്നങ്ങൾക്ക് പരിഹാരം കാണാൻ ശ്രമിക്കുമെന്നാണ് പ്രധാനമന്ത്രി ഈയിടെ നടന്ന സ്വകാര്യ കമ്പനി ഉടമകളുടെയും വ്യാപാരപ്രമുഖരുടെയും യോഗത്തിൽ ഉറപ്പുനൽകിയത്. സ്വകാര്യകമ്പനികളുടെ പ്രതിസന്ധിയെ അനുകമ്പയോടെ കാണുകയും ഉദാരമായ സബ്സിഡികളും രക്ഷാപാക്കേജുകളും നൽകി പുനരുദ്ധരിക്കാൻ മുന്നിട്ടിറങ്ങുകയുംചെയ്യുന്ന കേന്ദ്രസർക്കാർ പൊതുമേഖലാ കമ്പനിയായ ബിഎസ്എൻഎല്ലിനെ ആസൂത്രിതമായ നടപടികളിലൂടെ പ്രതിസന്ധിയിലാക്കി അവയുടെ ആസ്തികൾ കൈയൊഴിയാനും തൊഴിലാളികളെ കൂട്ടത്തോടെ പിരിച്ചുവിടാനുമാണ് പദ്ധതി തയ്യാറാക്കുന്നത്.

രാജ്യത്തിന്റെ നിലനിൽപ്പിനും ഉപയോക്താക്കളുടെ താൽപ്പര്യത്തിനും ബിഎസ്എൻഎൽ നിലനിൽക്കേണ്ടത് അനിവാര്യമാണ്. തൊഴിലാളികളെ നിലനിർത്തി കാര്യക്ഷമമായ സേവനത്തിലൂടെ ബിഎസ്എൻഎല്ലിനെ ശക്തിപ്പെടുത്തണമെന്ന ആവശ്യം മുന്നോട്ടുവച്ച് ഡിസംബർ 15ന് ജീവനക്കാരും ഓഫീസർമാരും പണിമുടക്കുകയാണ്. ഒരു പൊതുമേഖലാ സ്ഥാപനം സംരക്ഷിക്കാനുള്ള ശ്രമത്തിന്റെ ഭാഗമാണ് ഈ സമരം. പണിമുടക്കിന് മുഴുവൻ ബഹുജനങ്ങളുടെയും തൊഴിലാളി സംഘടനകളുടെയും പിന്തുണ അഭ്യർഥിക്കുന്നു.

(ബിഎസ്എൻഎൽ എംപ്ലോയീസ് യൂണിയൻ സംസ്ഥാന സെക്രട്ടറിയാണ് ലേഖകൻ)

അമേരിക്കൻ മോഡൽ 'രക്ഷാപദ്ധതി' ഇന്ത്യയിലും

വായനക്കാരുടെ പ്രതികരണം

നഷ്ടം നികത്താനെന്ന വ്യാജേന കോർപറേറ്റുകൾ പൊതുപണം കൊള്ളയടിക്കുകയാണ്. 'ബെയ്ൽ ഔട്ട്' എന്ന പേരിൽ ഇന്ത്യയിലും കുത്തകകൾ നികുതിപ്പണം തിന്ന് തടിച്ചുകൊഴുക്കുകയാണ്. കിങ്ഫിഷർ എയർലൈൻസ് ഉടമ വിജയ് മല്യ കഴിഞ്ഞവർഷം തന്നെ വായ്പാ പുനഃസംഘടനയിലൂടെ കോടികൾ നേടി. 2011 സെപ്തംബർ വരെ 259 കമ്പനികളുടെ വായ്പ പുനഃസംഘടിപ്പിച്ചതിലൂടെ കോർപറേറ്റുകൾ നേടിയത് 1,21,150 കോടി രൂപയാണ്. വൈദ്യുതി ബോർഡുകൾക്ക് ലഭിക്കാനുണ്ടായിരുന്ന 37,000 കോടി രൂപയുടെ നികുതിരഹിത കടപ്പത്രം ഇറക്കി. എസ്സാർ സ്റ്റീൽ ലിമിറ്റഡ്, ഇസ്പാറ്റ് ഇൻഡസ്ട്രിയൽ കോ, ജിൻഡാൽ വിജയനഗർ സ്റ്റീൽ ലിമിറ്റഡ് തുടങ്ങിയ കമ്പനികളുടെ 20,000 കോടി രൂപയുടെ വായ്പ പുനഃക്രമീകരിച്ചു. വായ്പയുടെ പലിശനിരക്ക് അഞ്ച് ശതമാനമായി കുറച്ചു. റിയൽ എസ്റ്റേറ്റ് മേഖലയ്ക്ക് വൻസൗജന്യങ്ങളാണ് നൽകിയത്. ഓഹരിക്കമ്പോളത്തിൽ ലിസ്റ്റ് ചെയ്തതും അല്ലാത്തതുമായ റിയൽ എസ്റ്റേറ്റ് കമ്പനികളുടെ 10,000 കോടി രൂപയുടെ വായ്പ പുനഃക്രമീകരിച്ചു. ഇതിനൊക്കെ റിസർവ് ബാങ്കിന്റെ സമ്മതമുണ്ടായിരുന്നു എന്നതാണ് വാസ്തവം. നേട്ടം കൊയ്ത കമ്പനികൾ ഡിഎൽഎഫ്, യൂണിടെക്, എച്ച്ഡിഐഎൽ, ഒമാക്സ്, ശോഭാ ഡെവലപ്പേഴ്സ് എന്നിവയാണ്.

സാധാരണക്കാർ ബാങ്ക് വായ്പ തിരിച്ചടയ്ക്കാൻ വീഴ്ച വരുത്തിയാൽ അന്വേഷിച്ച് ബാങ്ക് ഉദ്യോഗസ്ഥർ വരും. വായ്പ തിരിച്ചുപിടിക്കാൻ നടപടികൾ സ്വീകരിക്കും. എന്നാൽ, കുത്തകകൾ വായ്പ വാങ്ങിയാൽ കഥയാകെ മാറും. തിരിച്ചടവിൽ വീഴ്ച വരുത്തിയാൽ കോർപറേറ്റ് ഡെബ്റ്റ് റിസ്ട്രക്ചറിങ് സെൽ (സിഡിആർ സെൽ) അവർക്ക് വൻ സൗജന്യങ്ങൾ അനുവദിക്കും. പലിശ ഒഴിവാക്കൽ, പലിശ നിരക്കിൽ കുറവുവരുത്തൽ, തിരിച്ചടയ്ക്കാൻ മൊറട്ടോറിയം, തിരിച്ചടവ് പുനഃക്രമീകരണം തുടങ്ങിയ നടപടികളാണ് സ്വീകരിക്കുക. 2001-02 വർഷം മുതൽ 2011 സെപ്തംബർവരെ സിഡിആർ സെല്ലിന് 341 അപേക്ഷ ലഭിച്ചു. അപേക്ഷകളിൽ ഉൾപ്പെട്ട കടം 1,64,254 കോടി രൂപയാണ്. അതിൽ 259 അപേക്ഷയിൽ 1,21,150 കോടി രൂപയുടെ ക്രമീകരണത്തിന് അനുമതി നൽകി. ബാക്കി അപേക്ഷ പരിഗണനയിലാണ്. മയ്താസ് ഇൻഫ്രാ, ബിപിൽ സാനിയോ, കൈനറ്റിക് എൻജിനിയറിങ്, വോക്ക്ഹാർഡ്റ്റ്, ജിൻഡാൽ സ്റ്റെയിൻലെസ്, മോർപൻ ലബോറട്ടറീസ്, സുഭിക്ഷ, കൂട്ടൺസ്, വിശാൽ റീട്ടെയ്ൽ തുടങ്ങിയ കമ്പനികളും സൗജന്യം പറ്റുന്നവയാണ്.

കെ ജി സുധാകരൻ